# [1]മ്യൂട്ടന്റ് മലയാളി

ഡോ. പി. ഹരികുമാർ

പ്രവാസം എന്റെ മനസിലുണർത്തുന്ന ചിത്രം മ്യൂട്ടേഷന്റേതാണ്. പ്രതികൂലസാഹചര്യത്തിൽ കഴിയേണ്ടിവരുമ്പോൾ, ജീവികൾ മരണത്തെ ചെറുക്കുന്നതിനും, ജീവസന്ധാരണത്തിനുംവേണ്ടി, സ്വത്വത്തിന്റെ അടിസ്ഥാനകയ്യൊപ്പു നിലനിർത്തിക്കൊണ്ടുതന്നെ, ഘടനാപരവും പ്രവർത്തനപരവുമായ മാറ്റങ്ങൾ സ്വീകരിക്കുന്ന പ്രക്രിയയെയാണ് മ്യൂട്ടേഷൻ എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. ജീവന്റെ നൈരന്തര്യത്തെ, സംവത്സരങ്ങൾകടന്ന പരിണാമത്തിലൂടെ അണുജീവികൾമുതൽ ആനവരെയുള്ള ജൈവപ്രപഞ്ചത്തിൽ ഇന്നും നിലനിർത്തുന്നതിൽ മ്യൂട്ടേഷന് മുഖ്യമായൊരു പങ്കുണ്ട്. ശീതോഷ്ണരാസപ്രതികൂലതകളിൽപ്പെടുമ്പോൾ, ചെറുത്തുനിൽപ്പിന്റെയും അതിജീവനത്തിന്റെയും എണ്ണമറ്റ തെയ്യക്കോലങ്ങൾ കെട്ടിയാടുന്ന വൈറസുകളും, മൈക്രോബുകളും നമുക്കു പരിചിതമാണ്. ആന്റിബയോട്ടിക്കുകൾക്കും, കീടനാശിനികൾക്കുമെതിരെ, കാലാന്തരത്തിൽ പ്രതിരോധശക്തി നേടിയെടുക്കുന്ന പലതരം ബാക്ടീരിയയെയും, കീടങ്ങളെയും നമുക്കറിയാം. അതുപോലെ, ജനിച്ച മണ്ണിൽനിന്നകലെ നിലനിൽപ്പിന്റെ മിടുക്കുമന്ത്രവും ശരണംവിളികളുമായി മുന്നേറിക്കൊണ്ടിരിക്കുന്നവരാണ് പ്രവാസികൾ. മരുഭൂവിലും, മഞ്ഞുപെയ്യുമിടങ്ങളിലും, മലമുകളിലും സമതലങ്ങളിലും ഭൂമിഗോളത്തിന്റെ വാസയോഗ്യപ്രദേശങ്ങളിലെവിടെയും ചെന്നെത്തുന്നു മലയാളികൾ. മാവേലിനാടിന്റേതായ അടിസ്ഥാനപ്രകൃതി നിലനിർത്തിക്കൊണ്ടുതന്നെ, നോക്കിലും വാക്കിലും വൈകാരികപ്രവർത്തനങ്ങളിലും യോജ്യവ്യതിയാനങ്ങൾ വരുത്തി ' വിജയം വരിക്കുന്ന അവരെ മ്യൂട്ടന്റ്മലയാളികളെന്ന് വിളിക്കുന്നതിൽ തെറ്റില്ല. ജനിച്ചമണ്ണിൽ ലഭ്യമല്ലാത്ത പുത്തൻ അലുക്കുകൾ തുന്നിച്ചേർത്ത് പുതുസ്വത്വം, രൂപപ്പെടുത്തുന്നവരാണവർ. കഴിഞ്ഞ ആറേഴുദശാബ്ദത്തിനിടയിൽ ലോകത്തിന്റെ നാനാകോണുകളിലെത്തി, അവിടുത്തെ, ചൂടുംചൂരുമുൾക്കൊണ്ട്, സൂഷ്മസവിശേഷതകളോടെ മലയാളിമ്യൂട്ടന്റുകൾ അനവധി ഉണ്ടായിട്ടുണ്ട്. മാതൃഭാഷയുടെ അതിരുകൾവിട്ടകന്നുപോകുംതോറും, പ്രവാസാനുഭവത്തിന്റെ തീവ്രത ഏറിക്കൊണ്ടിരിക്കും. രാജ്യത്തിനകത്ത് വിവിധ സംസ്ഥാനങ്ങളിലേക്കുള്ള കുടിയേറ്റങ്ങളിൽ പ്രവാസിക്ക് തന്റെ മണ്ണാണിതെന്ന അവകാശബോധം നഷ്ടമാകുന്നില്ല. അതിൽനിന്നും വളരെ വ്യത്യസ്തമാണ്, പൗരാവകാശത്തിന്റെ സംരക്ഷണമേഖലയ്ക്കുപുറത്തുള്ള പ്രവാസത്തിന്റെ മാനങ്ങൾ. കരുത്തുറ്റ അന്തർദ്ദേശീയ കറൻസികളുടെ ലഹരി രുചിക്കാനാവുമെങ്കിലും, കടൽകടന്നുള്ള കുടിയേറ്റത്തിൽ, കാൽക്കീഴിൽനിന്നു ഭൂമി വഴുതിപ്പോകുന്നതുപോലൊരു ത്രിശങ്കു അനുഭവമാണ് ശക്തം. അവകാശബോധം നന്നേ ന്യൂനവൽക്കരിക്കപ്പെടുന്നു എന്നതാണ് അതിന്റെ ഏറ്റവുംവലിയ ദുരന്തം.

പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിലൂടെ നമ്മുടെ രാജ്യത്ത് കുടിയേറ്റം ഏറെ വിപുലമായിട്ടുണ്ട്. ആഗോളവൽക്കരണത്തിന്റെ ഫലമായി അതിനിയും വർധിക്കാനാണ് സാധ്യത. നമ്മുടെ സെൻസസ് ഡിപ്പാർട്ടുമെന്റിന്റെയും, സെന്റർ ഫോർ ഡെവലപ്മെന്റൽ സ്റ്റഡീസിന്റെയും, കണക്കുകളനുസരിച്ച്, ഇന്ത്യൻജനതയുടെ മുപ്പതു ശതമാനത്തോളം രാജ്യത്തിനകത്തും പുറത്തുമായി, ജനിച്ചയിടങ്ങളിൽനിന്നകലെ ജീവിക്കുന്നവരാണ്. അതിൽ നല്ലൊരുപങ്ക് മലയാളികളാണ്. മലയാളജനതയുടെ ഏതാണ്ട് മൂന്നിലൊന്നോളം ഇന്ന് ഭാരതത്തിനകത്തും ( ചെന്നൈ, കർണാടകം, മഹാരാഷ്ട്ര, ദൽഹി, കൽക്കത്ത, ഗുജറാത്ത്, മധ്യപ്രദേശ് ) പുറത്തു ( ഏഷ്യ, അറേബ്യ, ആഫ്രിക്ക, യൂറോപ്പ് , അമേരിക്ക, ക്യാനഡ) മായി പ്രവാസജീവിതം നയിക്കുന്നു. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കും, സാമൂഹ്യപരിണാമത്തിനും കുടിയേറ്റം ഇന്നും നിർണ്ണായകഘടകമായി വർത്തിക്കുന്നു. ദേശകാലങ്ങളുടെ സവിശേഷതളുൾക്കൊണ്ട്, ഏതെല്ലാംതരത്തിലുള്ള മ്യൂട്ടേഷനുകളാണ് പ്രവാസിമലയാളി ഇതിനോടകം സാംശീകരിച്ചിട്ടുള്ളതെന്നത് ശരിക്കും അന്വേഷണവിധേയമാക്കാനിരിക്കുന്നതേ ഉള്ളു. മലയാളിയുടെ സാമൂഹ്യചരിത്രമന്വേഷിക്കുന്നവർക്ക് സുപ്രധാനമായൊരു വെല്ലുവിളിയുണ്ടതിൽ.

[1] **ഈ ലേഖനത്തിലെ ചില ആശയങ്ങൾ, അമേരിക്കൻ മലയാളികളുടെ 'ഫോറിൻ കവിതകൾ – 2009'എന്ന സമാഹാരത്തിന്റെ അവതാരികയിൽ ചേർത്തിട്ടുണ്ട്.**

## മലയാളി സ്വത്വം

നൂറ്റാണ്ടുകളോളം പഴക്കമുള്ള ഭൂമിശാസ്ത്ര, ചരിത്ര, സാംസ്ക്കാരിക പ്രത്യേകകതകളുടെ ഫലമായി സഹ്യനും അറബിക്കടലിനുമിടയിലെ ഇത്തിരിമണ്ണിൽ ഉരുവംകൊണ്ട ജനതക്ക് , സവിശേഷമായൊരു ഗോത്രസ്വത്വം പൈതൃകമായി ലഭിച്ചിട്ടുണ്ട്. അതിന്റെ ബലത്തിൽ അവർക്ക് ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ അഭിമാനാർഹമായ പ്രതിഛായ നിലനിർത്താനായിട്ടുമുണ്ട്. മാനുഷരെല്ലാരുമൊന്നുപോലെയെന്ന ഉട്ടോപ്പിയൻ ആശയം ദേശീയമതമായി സ്വീകരിക്കാനും, മറ്റെല്ലാത്തരത്തിലുള്ള മതങ്ങളെയും അതിനുപിന്നിൽമാത്രമായി ഒതുക്കിനിർത്താനും, പീഡിതരോടൊപ്പം നിൽക്കുകയെന്ന രാഷ്ട്രീയാദർശത്തിനു മേൽക്കൈ നൽകാനും, ജാതി-ജന്മി-നാടുവാഴി മേൽക്കോയ്കളുടെ സ്വാധീനത്തിൽപെട്ട് ഭ്രാന്താലയമെന്നു വിശേഷിപ്പിക്കപ്പെട്ട നാടിനെ, തികച്ചും സമാധാനപരവും സൗമനസ്യപൂർണ്ണവുമായ മാർഗ്ഗങ്ങളിലൂടെ, ഏറ്റവും പ്രബുദ്ധമായ ഇടങ്ങളിലൊന്നാക്കിമാറ്റിയെടുക്കാനും, അടിമയാകാനോ അടിമയാക്കാനോ തയാറല്ല എന്ന നൈതികബോധം മുഖമുദ്രയാക്കാനും, സാമാന്യേന സമാധാനപരമായ സഹവർത്തത്തിനും, സാമൂഹ്യസൗഹാർദ്ദത്തിനും, സമഭാവനക്കും പ്രാധാന്യമേകാനും, രാഷ്ട്രീയ-മത-ഭാഷാവകാശസമരങ്ങളിൽപോലും തീവ്രവാദപരമായ സമീപനങ്ങളെ ബോധപൂർവമൊഴിവാക്കാനും, സാമ്പത്തികരാഷട്രീയ മേൽക്കോയ്മകൾക്കുള്ള പ്രലോഭനങ്ങളെ താരതമ്യേന കച്ചവടോന്മുഖമല്ലാത്ത വാഴ്‌വിലൂടെ മറികടക്കാനും മലയാളിയെ ഇന്നോളം പ്രേരിപ്പിച്ചിട്ടുള്ളത് ഈ സ്വത്വസവിശേഷതതന്നെയാണ്. ഇതിനോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു, ഏതാണ്ട് അരനൂറ്റാണ്ടിലേറെ പഴക്കമുള്ള, മലയാളികുടിയേറ്റങ്ങളുടെ കാരണങ്ങളും ഫലങ്ങളും. അതുകൊണ്ടുതന്നെ, മലയാളിയുടെപ്രവാസാനുഭവങ്ങളും പ്രതികരണങ്ങളും പാർസി, ഗുജറാത്തി, പഞ്ചാബി തുടങ്ങിയ മറ്റു പല ഭാഷാഗ്രൂപ്പുകളുടേതിൽനിന്ന് വ്യത്യസ്തമായിരിക്കും. കച്ചവടതാത്പര്യമുള്ളവർക്ക്, കുടിയേറ്റം ലാഭക്കൊയ്ത്തിനുള്ള ആഗോളസാധ്യതയേകുമ്പോൾ, സ്വത്വബിംബങ്ങളെക്കുറിച്ചു വേവലാതിയുള്ളവർക്ക്, സാമ്പത്തികഭദ്രതയോടൊപ്പം മരണനിമിഷങ്ങളുടെ നൈരന്തര്യവും നൽകുന്നു. മ്യൂട്ടന്റ്മലയാളികൾക്ക്, വളരെ പ്രാധാനമാണ് സ്വത്വത്തിനേറ്റ ചളുക്കങ്ങൾ.

## സ്വത്വത്തിന്റെ നാനോമരണം

മുളച്ചു വേരുകളുറപ്പിച്ച മണ്ണിൽനിന്ന് പറിച്ചുനടപ്പെടുന്നത് വൈകാരികമായി, ഒരു ജീവിയും ഇഷ്പ്പെടുന്നില്ല. തിന്നു കുടിച്ച് ഭോഗിച്ചുറങ്ങുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടാനാവുന്ന മൃഗങ്ങൾക്ക്, ഒരുപക്ഷെ, ആഘോഷമാകാമെങ്കിലും, ചിന്താശേഷിയും സ്വത്വാഭിമാനബോധവുമുള്ള മനുഷ്യനെസംബന്ധിച്ചെടത്തോളം, കുടിയേറ്റമെന്നത് ഒട്ടും അഭിമതമാകുന്ന കാര്യമല്ല. ഭൗതികമായ ധാരാളങ്ങളിലേക്കായാൽപ്പോലും, സ്വത്വപരമായി ഒരുതരം നാനോമരണം, അതിൽ അന്തർലീനമായിരിക്കുന്നുണ്ട്. പിറന്നമണ്ണിന്റെ ഗർഭജലസംരക്ഷണംവിട്ടിറങ്ങുന്നവരുടെ സഞ്ചിതസ്വത്വത്തിനു സംഭവിക്കുന്ന സൂഷ്മക്ഷതമാണത്. അന്യവും തിരസ്ക്കാരവ്യഗ്രവുമായ പുത്തൻവെള്ളത്തിൽ പച്ചപിടിക്കാനെടുക്കുന്ന നീണ്ടകാലയളവിലൂടെ, അവനെ/ അവളെ അത് പട്ടടയോളം പിന്തുടരുന്നു. ഇതിനോടൊപ്പംതന്നെ, സൂക്ഷ്മമായ സ്വത്വപുനർനിർവചനം നടത്തി ഒരു മ്യൂട്ടന്റ്വ്യക്തിത്വത്തിന് നാനോജന്മം നൽകിയാണ്, പ്രവാസി അതിനെ അതിജീവിക്കുന്നത്. പക്ഷെ അതോടെ, താൻ അഭിമാനത്തോടെ നെഞ്ചിലേറ്റുന്ന സ്വത്വബോധം വ്രണിതയായ ശൂർപ്പണഖയെപ്പോലെ പരിണമിക്കുന്നു. ജനാർദ്ദനൻപിള്ള ജാൻപിള്ളയാകുന്നു, മുറ്റത്തുലാത്തേണ്ട കരമുണ്ട് കിടപ്പുമുറിയിൽമാത്രമായൊതുങ്ങുന്നു, അടുക്കളയിലുള്ള സ്മോക്ക്അലാമിനെ ഭയന്ന് കാച്ചിയമോര് കടുകുവറക്കാതെ വിളമ്പുന്നു, 'മമ്മിഡാഡി'യെന്നു കുട്ടികളുടെ നാവ് വളഞ്ഞുനിൽക്കുന്നു. തീറ്റയുംകുടിയും, ഉടുപ്പുമൊരുക്കവും, പാച്ചിലും, പറക്കലുമായി അതിജീവനം ആഘോഷമാക്കുമ്പോഴും, ജന്മസുകൃതമായ സ്വത്വധാതുവിന്റെ കാര്യത്തിൽ, പ്രവാസിക്കു അനുസ്യൂത ന്യൂനവൽക്കരണമാണ് വിധിച്ചിട്ടുള്ളതെന്നർത്ഥം. ചെന്നെത്തുന്നയിടങ്ങളിൽ അവഗണിക്കപ്പെടുകയും, പലപ്പോഴും അവഹേളിക്കപ്പെടുകയും, വിട്ടുപോന്നയിടത്ത് പരിരക്ഷയാവശ്യമില്ലാത്തവരെന്ന് ഭരണകൂടങ്ങൾപോലും കരുതുകയും ചെയ്യുമ്പോൾ, സ്വത്വബിംബങ്ങൾ സംരക്ഷിക്കാനുള്ള ശ്രമം പ്രവാസിക്ക് താങ്ങാനാവാത്ത ഭാരമാകുന്നു. തന്റെ

ദൈനംദിന നിലനിൽപ്പിനുപകരിക്കാത്തതെന്നു മാത്രമല്ല, വിഘാതമെന്നുതന്നെ തോന്നാവുന്ന അത്, കാലാന്തരത്തിൽ ബോധപൂർവമായ ശ്രമം കൊണ്ടല്ലെങ്കിൽ, ഉപയോഗരഹിതതേയ്മാനം (Disuse atrophy) കൊണ്ട് നശിപ്പിക്കപ്പെടുന്നു. മയിൽപ്പീലിപോലെ, മജ്ജക്കുള്ളിൽ കാത്തുസൂക്ഷിച്ച അമ്മരൂപങ്ങളും അമ്മസിഗ്നലുകളും, വരുന്ന തലമുറകളിലൂടെയും, സ്വന്തം ആയുസ്സിനുള്ളിൽതന്നെയും, സൗകര്യാർത്ഥം ഡിലീറ്റുചെയ്യപ്പെടുന്നത് പ്രവാസി ദുഖത്തോടെ അനുഭവിച്ചറിയുന്നു. അങ്ങനെ, ഒരുപാടു സാവകാശങ്ങൾ ബലികഴിച്ചുമാത്രം നേടിയെടുക്കുന്ന സുഭിക്ഷതയിലൂടെ, സുന്ദരികളുംസുന്ദരന്മാരുമെന്നു വാഴ്ത്തപ്പെടുമ്പോഴും, പ്രവാസിമലയാളിയുടെ ഉള്ളിന്റെയുള്ളിൽ തീവ്രമായ നഷ്ടബോധം ചിതലരിക്കുന്നു; മലയാളത്തിന്റേതായ രുചികൾ, മണങ്ങൾ, ഈണങ്ങൾ, കാഴ്ചകൾ, വേഷങ്ങൾ, അവകാശബോധത്തോടെ ആടാനുംപാടാനുമുള്ള ഇടങ്ങൾ, ഒക്കെ നഷ്ടപ്പെടുന്ന ദുഖം.

## വാക്കു നഷ്ടപ്പെട്ടവർ

പ്രസിദ്ധ നരവംശശാസ്ത്രജ്ഞനായ ലെവെന്റ് സൊയ്സാൽ, കുടിയേറ്റക്കാരന്റെ ഏറ്റവും വലിയ ദുരവസ്ഥയായി, കരുതുന്നത് വാക്കു നഷ്ടപ്പെട്ട നിസ്സഹായതയാണ്. മാതൃഭാഷയുടെ അതിരുകൾക്കുപ്പുറത്ത് പ്രവാസി ആദ്യം തികച്ചും ഊമയായിത്തീരുന്നു. പിന്നീട്, നിലനിൽപ്പിനുവേണ്ടി സ്വത്വസംവേദനത്തിനുതകുന്ന ഒരു മ്യൂട്ടന്റ്ഭാഷ ഉരുത്തിരിച്ചെടുക്കുന്നു. പ്രവാസിയുടെ ഭാഷക്കു സംഭവിക്കുന്ന മ്യൂട്ടേഷനെ, ഗയാനയിൽനിന്ന് ഇംഗ്ലണ്ടിലേക്കു കുടിയേറിയ കവിയിത്രി ഗ്രേസ് നിക്കൊൾസ്, ഇങ്ങനെ എഴുതുന്നു:

ഞാനൊരു കടൽ മുറച്ചുകടന്നു
എന്റെ നാവെനിക്കു നഷ്ടമായി
അതിന്റെ മൂട്ടിൽനിന്ന് മുളച്ചുവന്നു
പുത്തനൊരെണ്ണം!

തപ്പിത്തടയുന്ന, ഉച്ചാരണ-, അർത്ഥ-വികലമായ മ്യൂട്ടന്റ്ഭാഷ പ്രവാസിയിൽ അയാളർഹിക്കാത്ത അധമത്വം പേർത്തും, പേർത്തും ആരോപിച്ചുകൊണ്ടിരിക്കും. അതിന്റെ പ്രേതബാധയിൽനിന്ന് അയാൾക്ക് ഒരിക്കലുമില്ല മോചനം. കാരണം, ഉള്ളിലെ ഉൺമയെ സമഗ്രതീവ്രതയോടെ അവതരിപ്പിക്കാനുള്ള നാവുവഴക്കം പുത്തൻഭാഷയിൽ നേടിയെടുക്കാൻ ഒരായുഷ്ക്കാലംതന്നെ വേണ്ടിവരും. ഒരുവിധം വ്യവഹാരശേഷി ആർജ്ജിച്ചാൽത്തന്നെ, സ്വന്തം നിലപാടുകൾക്കുവേണ്ടി വാദിക്കേണ്ട നിർണ്ണായകഘട്ടങ്ങളിൽ - ചെറിയൊരു ട്രാഫിക്ക്പ്രശ്നത്തിലാകാം, രാഷ്ട്രീയാധികാരത്തിനുവേണ്ടിയാകാം - ഒപ്പം നിൽക്കില്ല അത്. മുംബയിലായാലും, ബോസ്റ്റണിലായാലും ഇക്കാര്യത്തിൽ 'വരത്തർക്ക്' മറ്റുള്ളവരോടൊപ്പം നിയമപ്രകാരമുള്ള തുല്യത എന്നും ഏട്ടിൽതന്നെയൊതുങ്ങുന്നു! ജനിച്ചനാട്ടിൽ അവകാശങ്ങൾക്കായി പൊട്ടിത്തെറിക്കാൻകഴിയുന്ന അഭിമാനബോധം, ഇവിടെ മൗനമ്യൂട്ടന്റായിത്തീരുന്നു.പിന്നീട്, ട്രാഫിക്ക്നിയമം തെറ്റിക്കാതെ, രാഷ്ട്രീയം ചിന്തിക്കാതെ, വേണ്ടാത്തിടത്തും, വേണ്ടാത്തപ്പോഴും കടന്നുചെല്ലാൻമുതിരാതെ, ടീവിയിലും, നെറ്റിലും രൂപയുടെ വിനിമയനിരക്കുനോക്കി ജീവിതം ആഘോഷമാക്കേണ്ടി വരുന്നു പ്രവാസിക്ക്. തന്റെയെല്ലാത്തരം ആഹ്ലാദങ്ങളും, വിഹ്വലതകളും, പ്രതിഷേധങ്ങളും മിഴിവോടെ പ്രഖ്യാപിക്കാൻ പ്രാപ്തിയുള്ള, നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള, സ്വന്തം ഭാഷയുള്ളപ്പോഴാണ്, അന്യഭാഷകാരണമുള്ള ഈ സ്വത്വനീചവൽക്കരണമെന്ന ചിന്ത പ്രവാസിയെ വല്ലാതെ പീഡിപ്പിക്കുന്നു. വിദയമാമീ സമൂഹത്തെ നേരിടാനുള്ള ശക്തി അടുത്തതലമുറയിൽ ഊട്ടിയുറപ്പിക്കുകയാണ് ഇനി ഏറ്റവും പ്രധാനദൗത്യമെന്ന് അയാളുറയ്ക്കുന്നു. അതിനായി ലഭ്യമായിട്ടുള്ള മികച്ച സൗകര്യങ്ങളെ പ്രവാസത്തിന്റെ വരദാനമായിക്കണ്ട് സന്തോഷിക്കുകയും, അവ പൂർണ്ണമായുപയോഗപ്പെടുത്തി വിജയം വരിക്കുകയും ചെയ്യുന്നു. കായികവും അക്കാദമികവുമായ നേട്ടങ്ങളിലൂടെ, തന്റെ കുട്ടികൾ, ദേശീയരെ കവച്ചു വെക്കുമ്പോൾ, താൻ പകർന്നുനൽകിയ പൈതൃകത്തിന്റെ ഊർജ്ജം അവർക്കു സഹായകമായിട്ടുണ്ടെന്ന് സ്വയം അഭിമാനിക്കുന്നു. തനിക്കു കീഴ്പ്പെടുത്താനാകാതിരുന്ന

മറുനാടൻ സംസ്ക്കാരത്തെ, അവർ അനായാസം വശത്താക്കി മുന്നേറുന്നതുകണ്ട് സംതൃപ്തിയടയുന്നു. പ്രവാസജീവിതത്തിന്റെ പരിമിതികൾകാരണം, പൈതൃകബിംബങ്ങളായ ഭാഷയും, ഭക്ഷണവും, വസ്ത്രവും, കലകളും, ഈ കുട്ടികൾക്ക്, അവരാഗ്രഹിച്ചാൽപ്പോലും, ശീലമാക്കാനാവില്ലെന്നതും, തന്റെ നാടിനെ സ്വന്തമെന്നുകരുതാൻ അവർക്കാവുന്നില്ലയെന്നതും രഹസ്യനോവായി അടക്കിവെക്കുന്നു. മാതൃഭാഷയെയും സംഗീതത്തെയും, കലകളെയും, അവരന്വേഷിച്ചെത്തുന്ന ചുരുക്കംചില സന്ദർഭങ്ങളെ ഇരട്ടിമധുരത്തോടെ ആസ്വദിക്കുകയും ചെയ്യുന്നു.

## സമാധാനകാലത്തും ഹിംസ

കുടിയേറ്റം, എത്രതന്നെ നിയമാനുസൃതവും സൗഹാർദ്ദപരവുമായിരുന്നാലും, ഹിംസയുടെ അടിയൊഴുക്കുകൾ അതിലെന്നുമുണ്ട്. പുത്തൻ 'വരത്തരെ' ശാരീരികമായും മാനസികമായും നിരോധിക്കാൻ ശ്രമിക്കുന്ന ആൾക്കൂട്ടപ്രവണത. തൊലിനിറം, മൊഴിവഴക്കം, ശാരീരിക-സാമ്പത്തിക കരുത്തുകൾ, ഭരണസ്ഥാപനങ്ങളിൽനിന്നുള്ള പരിരക്ഷ എന്നിങ്ങനെ അനേകം ഘടകങ്ങളെ ആശ്രയിച്ചിരിക്കും ഹിംസയുടെ തീവ്രതയും കുടിയേറ്റക്കാരനിൽ അതുണ്ടാക്കുന്ന ഫലങ്ങളും. പ്രവാസിയെ മ്യൂട്ടന്റുകളാക്കുന്ന അരക്ഷിതത്വബോധമാണ് അതിന്റെ അടിസ്ഥാന ഫലം. ഗവൺമെന്റിന്റെ വിസനിയമങ്ങളിൽ വരുന്ന മാറ്റങ്ങൾമുതൽ അയൽനോട്ടങ്ങളിലെ ചരിവുകൾവരെ, പ്രവാസികളിൽ, കുടുംബത്തിനെക്കുറിച്ചും, സ്വത്തിനെക്കുറിച്ചുമുള്ള അരക്ഷിതചിന്തകളുണർത്തുന്ന ഘടകങ്ങളാണ്. മണ്ണിന്റെമക്കൾ വാദങ്ങളും ( പലതരം സേനകൾ, കൂക്ലസ് ക്ലാൻ, ഡോട് ബസ്റ്റേഴ്സ് തുടങ്ങിയ കൂട്ടങ്ങൾ) അങ്ങിങ്ങ് നടക്കുന്ന അതിക്രമങ്ങളെക്കുറിച്ചുള്ള വാർത്തകളും, ഇതിനോടൊപ്പം ചേരുമ്പോൾ കുടിയേറ്റക്കാരിൽ ഘെട്ടോപ്രവണത ശക്തമാകുന്നു. തുറന്ന ഇടങ്ങളിൽ വിശാലമായ വീടുകളിൽ സ്വകാര്യസ്വാതന്ത്ര്യം പരിചയിച്ചിട്ടുള്ള മലയാളിസ്വത്വത്തിന് അതുമായി പൊരുത്തപ്പെടാൻ മ്യൂട്ടന്റുകളാകാതെവയ്യ.. പ്രസിദ്ധ നരവംശശാസ്ത്രജ്ഞയായ പ്രൊഫ. കരോലിൻ മോസർ ഇത്തരം പ്രവണതകളെ 'സമാധാനകാലത്തെ ഹിംസ' എന്നാണ് വിളിക്കുന്നത്. നാട്ടുകാർക്കിടയിലെ മൂല്യച്യുതിയെക്കാളേറെ, നാടുവാഴികളുടെ അനാസ്ഥയും, കഴിവില്ലായ്മയുമാണ് ഇത്തരം ഹിംസയ്ക്കുകാരണമെന്നാണ് മോസറുടെ നിരീക്ഷണം. ഭരണാധികാരികളുടെ അഴിമതിയും, കെടുകാര്യസ്ഥതയും മുതലെടുത്ത്, കുടിയേറ്റത്തിന്റെ ഭാഗമായുണ്ടാകുന്ന പുത്തൻ മാർക്കറ്റ് അവസരങ്ങളെ, അധ്വാനത്തെവെറുക്കുന്ന മാഫിയകളും, വാണിഭക്കാരും, ക്വട്ടേഷൻസംഘങ്ങളും, മൗലികവാദികളും ചൂഷണംചെയ്ത് നേട്ടങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നു.

## രാഷ്ട്രീയാസ്തിത്വം

തന്റെ സ്വത്വത്തിനുനേരെ കണ്ണുരുട്ടിനിൽക്കുന്ന ഹിംസാത്മകതയ്ക്കെതിരെ ശബ്ദമുയർത്താനും, പ്രതിരോധിക്കാനും പര്യാപ്തമായ സാംസ്ക്കാരികശീലമോ, സാമ്പത്തിക, രാഷ്ട്രീയ ശക്തിയോ, പ്രവാസിമലയാളിക്ക്, ഇനിയും നേടാനായിട്ടില്ല. രാഷ്ട്രീയാസ്തിത്വത്തിന്റെ ശക്തിയാർജ്ജിക്കാൻ കഴിയാത്തവരുടെ, മാതൃഭാഷയുൾപ്പടെയുള്ള എല്ലാ സാംസ്ക്കാരികരൂപങ്ങളും ന്യൂനവൽക്കരിക്കപ്പെടുകയും, അവഗണിക്കപ്പെടുകയും ചെയ്യും. ലോകപ്രശസ്തരായ അനേകം സാഹിത്യകാരന്മാരും, ചിന്തകരും, കലാകാരന്മാരും പ്രവാസികളായിരുന്നെങ്കിലും, അവരുടെയൊക്കെ സൃഷ്ടികൾ, മലയാളംപോലെ രാഷ്ട്രീയാധികാരം നിഷേധിക്കപ്പെട്ട ഭാഷയിലായിരുന്നെങ്കിൽ, ശ്രദ്ധിക്കപ്പെടുമായിരുന്നോ എന്നത് സംശയമാണ്. തീർച്ചയായും, പ്രവാസാനുഭവങ്ങളുടെ തീഷ്ണതയും, വൈവിധ്യവും സർഗപ്രകാശനത്തിന് തീവ്രമായ പ്രചോദനമേകുന്നതാണ്. എന്നാൽ, പ്രവാസത്തിന്റെ സാവകാശമില്ലായ്മകളും, അരക്ഷിതത്വവും, ഭാഷയ്ക്കുള്ള അംഗീകാരമില്ലായ്മയും അതിനു വിഘാതമാകുന്ന ഘടകങ്ങളാണ്. ഇന്നും ഭാരതീയരുടെ വിദേശഭാഷയിലുള്ള രചനകൾക്കാണല്ലോ താരതമ്യേന കൂടുതൽ അംഗീകാരവും പ്രശസ്തിയും ലഭിക്കുന്നത്. റോബോട്ടുകളെപ്പോലെ അക്ഷീണം നിർദ്ദേശിതജോലി നന്നായി നിർവഹിക്കുകയെന്നതു മാത്രമാണ് പ്രവാസിക്ക്, മറുനാട്ടിൽ സർഗസംതൃപ്തിക്കും, അംഗീകാരത്തിനമുള്ള എക അവസരം. ഇതിനായി, വിശ്രമവും, വിനോദവും, വേതനവും,

സ്വത്വാഭിമാനബോധവും പണയപ്പെടുത്തേണ്ടിവരാറുണ്ട്. മ്യൂട്ടന്റ്മലയാളിയുടെ കഠിനാധ്വാനശേഷിയെപ്പറ്റി വാചാലരാകുന്നവർ, അവരനുഭവിക്കുന്ന മ്യൂട്ടേഷന്റെ മുറിവുകളെക്കുറിച്ച് ഓർക്കുന്നതേയില്ല. സ്വത്വസംരക്ഷണമെന്നത് ശരിയായ അർത്ഥത്തിൽ പൗരാവകാശസംരക്ഷണം തന്നെയാണല്ലൊ. അപ്പോൾ, ജനാധിപത്യബോധത്തോടെ ജീവിക്കുന്നവരുടെ സ്വത്വസംരക്ഷണം ഉറപ്പാക്കേണ്ടത് ഭരണസ്ഥാപനങ്ങളാണ്. ഭാഷാധിഷ്ഠിതമായ ഇന്ത്യൻ ഫെഡറൽവ്യവസ്ഥയിൽ, പ്രവാസികൾക്കു സംഭവിക്കുന്ന ഏറ്റവും വലിയ ദുരവസ്ഥ, തങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുന്ന ഒരു ഭരണകൂടം ഫലത്തിലില്ല എന്നതാണ്. മാതൃസ്റ്റേറ്റിന്റെ അധികാരപരിധിക്കു പുറത്താണെന്നതുകൊണ്ടും, ചെന്നെത്തിയേടത്ത് 'മണ്ണിന്റെ മക്കള'ല്ലാത്തതിനാലും അവർ അവഗണിക്കപ്പെടുന്നു. രാജ്യത്തിനു പുറത്തെത്തുമ്പോൾ തൊലിനിറം, മൊഴിവഴക്കക്കുറവ്, അന്തർദ്ദേശീയമായി തങ്ങളുടെ നാടിനെക്കുറിച്ചുള്ള അജ്ഞതയുടെ ഫലമായുള്ള അവഗണന എന്നിവയുംകൂടി കാരണങ്ങളാകുന്നു. അതിനാൽ, രാഷ്ട്രീയമായ ശാക്തീകരണത്തിന്റെ അഭാവം മ്യൂട്ടന്റ്മലയാളിയുടെ ദൈനംദിനജീവിതത്തെയും നിലനിൽപ്പിനെയും ബാധിക്കുന്ന അതിഗഹനമായ പ്രശ്നമാണ്. പ്രവാസിക്ക് അർഹമായ രാഷ്ട്രീയാവകാശങ്ങളുറപ്പാക്കുന്ന കാര്യത്തിൽ, സ്വാഗതാർഹമെങ്കിലും, വൈകിയെത്തിയ നടപടികളെന്നനിലയിൽ നോർക്കയും, പ്രവാസകാര്യമന്ത്രാലയങ്ങളുമൊക്കെ ഇന്നും അപര്യാപ്തമാണ്.

## മൂന്നാമിടം

പ്രവാസജീവിതത്തിന്റെ ദുരവസ്ഥകളെ നേരിടുന്നതിന് പ്രവാസി കണ്ടെത്തുന്ന പ്രധാന പോംവഴി തന്റേതു മാത്രമായ ഒരിടം സൃഷ്ടിക്കുക എന്നതാണ്. റേ ഓൾഡെൻബർഗ്, ദി ഗ്രേറ്റ് ഗുഡ് പ്ലേസ് എന്ന ഗ്രന്ഥത്തിൽ പരാമർശിക്കുന്ന തേഡ് പ്ലേസിന്റെയും, ഹോമി ഭാഭയുടെ തേഡ് സ്പേസിന്റെയും ഗുണഫലങ്ങളോടൊപ്പം, പ്രായോഗികതലത്തിൽ കൂടുതൽ വ്യാപ്തിയുള്ള, വീടിനും ജോലിസ്ഥലത്തിനുമപ്പുറത്തുള്ള ഒരു മൂന്നാമിടം. വീട്ടിലും, ജോലിസ്ഥലത്തും നിരന്തരം ന്യൂനവൽക്കരിക്കപ്പെടുന്ന അസ്ഥിത്വത്തെ തിരിച്ചുപിടിക്കുന്നതിനും, സർഗപ്രകാശനത്തിനുമുള്ള മനസ്സിനിണങ്ങിയ ഇടം. പ്രവാസജീവിതത്തിൽ വീട്, ശരിക്കും ഒരു വീടാകുന്നില്ല. കുറെ മനുഷ്യർക്ക് വിഴുപ്പു സൂക്ഷിക്കാനും, രാത്രിയിൽ ഒരുമിച്ച് ( ഒരേ ഷിഫ്റ്റിലാണെങ്കിൽ) ഉറങ്ങാനുമുള്ള ഇടം മാത്രമാകുന്നു അത്. പകൽമുഴുവൻ മുതിർന്നവരെല്ലാം ജോലിയിലും, കുട്ടികൾ വിദ്യാലയങ്ങളിലൊ ഡേകെയറിലോ ആയിരിക്കും. സുപ്രസിദ്ധ ചിന്തകനും ചിത്രകാരനും നോവലിസ്റ്റുമായ ജോൺ ബെർഗർ, ജീൻ മോറുമൊത്തു രചിച്ച എ സെവൻത് മാൻ എന്ന കൃതിയിൽ പറയുന്നത്, ജോലിസ്ഥലത്ത്, സ്വതന്ത്രമായി ചിന്തിക്കാനും, പ്രവർത്തിക്കാനും, സ്വപ്നം കാണാൻപോലുമുള്ള അവകാശം നിഷേധിക്കപ്പെട്ട അസ്തിത്വമാണ് പ്രവാസിയുടേതെന്നാണ്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം തുർക്കിയിൽനിന്ന് ജർമ്മനിയിലേക്കു കുടിയേറിയ കൂലിവേലക്കാരുടെ കഥയാണെങ്കിലും, ലോകമെമ്പാടും IT വിദഗ്ധരുൾപ്പടെയുള്ളവരുടെ കുടിയേറ്റത്തിന്റെ മൗനനൊമ്പരം അതിൽ വായിച്ചെടുക്കാനാവും. മലയാളിസമാജങ്ങൾ, ജാതി, ഉപജാതി, മത, ഭക്തിസംഘടനകൾ, കലാസാംസ്ക്കാരികവേദികൾ, ക്ലാസുകൾ, സാഹിതീസഖ്യങ്ങൾ, സ്വയംസേവാസംഘങ്ങൾ, വീക്കെന്റ് കൂട്ടായ്മകൾ ,കിറ്റിപാർട്ടികൾ, ഡിജിറ്റൽ മാധ്യമങ്ങൾ എന്നിവയെയൊക്കെ മൂന്നാമിടങ്ങളിൽപ്പെടുത്താം. കുടിയേറിയയിടത്ത് ഗവൺമെന്റധീനതയിലുള്ള മാധ്യമങ്ങളിൽപോലും, സ്വത്വപ്രകാശനത്തിനിടം ലഭിക്കാത്ത മ്യൂട്ടന്റ്മലയാളിയുടെ സ്വാസ്ഥ്യസംരക്ഷണത്തിൽ മൂന്നാമിടങ്ങൾക്കുള്ള സ്ഥാനം പറഞ്ഞറിയിക്കാനാവില്ല. എന്നാൽ, ഗണ്യമായ സാമ്പത്തിക, രാഷ്ട്രീയപേശീബലമില്ലാത്ത സമൂഹമെന്നനിലയിൽ, മറുനാടൻമലയാളികൾക്ക് ഒത്തുകൂടുന്നതിന് പൊതുസ്ഥലങ്ങൾ ഇന്നും വളരെ പരിമിതമാണ്. അതിനാൽ സ്വന്തം നോട്ടുപുസ്തകത്തിൽ കുത്തിക്കുറിക്കുന്ന അമേച്വർ രചനകളാണ് ഏറെപ്പേർക്കും സാന്ത്വനമേകുന്ന പ്രധാന മൂന്നാമിടം. ഇതിനുപുറമെ, റൈറ്റിംഗ് എക്രോസ് വേൾഡ്സ് എന്ന ഗ്രന്ഥത്തിൽ, റസ്സൽ കിങ്ങ് pre-literature എന്നു വിളിക്കുന്ന, ഡയറിക്കുറിപ്പുകൾ, കത്തുകൾ, നോട്ടീസുകൾ, സോവനീറുകൾ, ന്യൂസ്ലെറ്ററുകൾ, കയ്യെഴുത്തുമാസികകൾ എന്നിവയും ഈ മൂന്നാമിടത്തിന്റെ ഭാഗമായി കരുതാം.

ആനുപാതികമായി നോക്കിയാൽ ഒരുപക്ഷെ, കേരളത്തിലുള്ളതിനേക്കാളേറെ എഴുത്തുകാരും പ്രസിദ്ധീകരണങ്ങളും മറുനാടൻ മലയാളികളുടേതായി കണ്ടേക്കാം. സാമ്പത്തികനേട്ടമോ പ്രശസ്തിയോ അല്ല, താൻ നിലനിൽക്കുന്നു എന്ന് ലോകത്തെയും, തന്നെത്തന്നെയും ബോധ്യപ്പെടുത്താനുള്ള അദമ്യമായ ആഗ്രഹമാണതിന്റെ പ്രധാനപ്രേരകശക്തി. ജന്മനാടുമായി ബന്ധപ്പെട്ട ഗൃഹാതുരചിന്തകൾ സജീവമാണ് പ്രവാസരചനകളിൽ. തന്റേതുമാത്രമായ ഓർമ്മകളിലഭിരമിച്ച്, അസ്തിത്വത്തെ അവഗണിക്കുന്ന പുത്തൻ ചുറ്റുപാടിനെ തിരിച്ചവഗണിക്കുകയെന്നത് പ്രവാസിയുടെ പ്രതിരോധമാർഗങ്ങളിലൊന്നാണ്. വർഷങ്ങൾക്കുമുമ്പ് മനസിൽ വരച്ചുവെച്ച നിറംപിടിപ്പിച്ച ലാൻഡ്സ്കെയ്പ്പിന്റെ ലഹരിയിൽയിൽമുങ്ങി, ചുറ്റുമുള്ള അസൗകര്യരൂപങ്ങളെ മറക്കൽ. പ്രവാസികളുടെ സർഗപ്രയത്നങ്ങളിൽ ചുരുക്കംചിലതു മാത്രമേ ശ്രദ്ധാർഹമാകുന്നുള്ളു എന്നതുകൊണ്ടുമാത്രം, അവയുടെ ആത്മാർത്ഥതയോ, സാമൂഹ്യമൂല്യമോ ഒരുതരത്തിലും കുറച്ചുകാണാനാവില്ല. ആധുനികലോകസംസ്ക്കാരത്തിന്റെയും, ചരിത്രഗതിയുടെതന്നെയും നിർണ്ണായകഘടകമായ കുടിയേറ്റത്തിലടങ്ങിയ ആഹ്ലാദങ്ങളുടെയും, ആകുലതകളുടെയും ഏറ്റുപറച്ചിലുകളാണവ. അസുലഭമായ വൈകാരിക നേർക്കാഴ്ചകളുടെ വിരസമെങ്കിലും, വിലപ്പെട്ട രേഖപ്പെടുത്തലുകൾ. സാമൂഹ്യവിശാരദന്മാരുടെയോ നരവംശശാസ്ത്രജ്ഞരുടെയോ പഠനങ്ങളിൽ ലഭ്യമാവില്ല അത്. മ്യൂട്ടന്റുകളെസംബന്ധിച്ചടത്തോളം സ്വന്തം വീട്ടിലേക്കു തിരിച്ചുപോകാനാവാത്തവർക്കുള്ള വീടാണ് എഴുത്ത്!

പ്രവാസികളുടെ പുതുതലമുറ, ഭാഷാസ്വാധീനമുള്ളവരെങ്കിലും, തൊലിനിറം, ജീവിതരീതികൾ, കുടുംബബന്ധങ്ങളെക്കുറിച്ചുള്ള ധാരണകൾ എന്നിവയിൽ പൈതൃകബാക്കികളുടെ ബാക്കിയിരുപ്പുകൾകാരണം, മുഖ്യധാരയിൽ മുഴുവനായും സ്വാംശീകരിക്കപ്പെടുന്നില്ല. മാതാപിതാക്കളുടേതിൽനിന്നു വ്യത്യസ്തമായ അവരുടെ മ്യൂട്ടന്റ് അനുഭവങ്ങൾ മുഖ്യധാരാഭാഷകളിൽത്തന്നെ പ്രകാശിപ്പിക്കപ്പെടുന്നതിനാൽ പ്രവാസികളുടെ ചിന്തകൾ കൂടുതൽ ശ്രദ്ധിക്കപ്പെട്ടുതുടങ്ങുന്നു.

### കൂടെവിടെ?

തന്റെ സ്വപ്നക്കൂട് എവിടെയാണുള്ളതെന്ന് തീരുമാനിക്കാനാവാത്ത സന്ത്രാസം പ്രവാസിയുടെ മുഖമുദ്രയാണ്. മറുനാട്ടിൽ നേരിടുന്ന സ്വത്വനഷ്ടവും, അരക്ഷിതത്വവും മ്യൂട്ടന്റ്മലയാളികളെ, ജന്മനാട്ടിലേക്കുറ്റുനോക്കുന്ന തെക്കുനോക്കികളാക്കുന്നു. തന്റെയും കുടുംബാംഗങ്ങളുടെയും ശാരീരികവും, മാനസികവുമായ വളർച്ചയുടെ ഓരോ പടിയിലുമിരുന്ന് 'അവിടെയായിരുന്നെങ്കിൽ.. ................അവിടെയായിരുന്നെങ്കിൽ................' എന്ന് കൂട്ടിക്കിഴിച്ചുകൊണ്ടിരിക്കുന്നു അവർ. വിദ്യാഭ്യാസ, സാമ്പത്തിക നേട്ടങ്ങൾ, വിവാഹബന്ധങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ, എന്നിവയെയെല്ലാം നാട്ടിലുള്ള സമപ്രായക്കാരുടേതുമായി തട്ടിച്ചുനോക്കി, കുടിയേറ്റത്തെ പഴിക്കുകയോ പുകഴ്ത്തുകയോ ചെയ്യുന്നു. അപ്പോഴൊക്കെ, ഏറെനാൾ പരക്കംപാഞ്ഞ് തിന്നുകുടിച്ചു കഴിയുന്ന കുടിയേറ്റനാടിനെക്കുറിച്ചല്ല, തനിക്ക് പങ്കാളിത്തത്തിനിടയില്ലാത്ത 'അവിടുത്തെ' രാഷ്ട്രീയവും, സാമൂഹ്യ സാംസ്ക്കാരിക, സാമ്പത്തികപ്രശ്നങ്ങളുമാണ് മ്യൂട്ടന്റുകൾക്ക് തലപുണ്ണാക്കാനുള്ള വിഷയങ്ങൾ. ഒടുവിൽ അലക്കൊഴിഞ്ഞ മൂവന്തിയിൽ, മക്കളുടെ വിമർശനം കണക്കിലെടുക്കാതെ, കുടിയേറ്റം നൽകിയ സാമ്പത്തികഭദ്രതയുടെ ബലത്തിൽ നാട്ടിൽ സ്വപ്നവീടുണ്ടാക്കുന്നു. അനേകംതവണ അവിടെ പറന്നെത്തുന്നു. ഒടുവിൽ, മക്കളും പേരക്കുട്ടികളും നേറ്റീവ്പ്ലേസായി ആശ്ലേഷിക്കുന്ന മറുനാടിന്റെ വശ്യതയെ താനും സ്നേഹിക്കാതിരുന്നിട്ടില്ലല്ലോയെന്ന പുത്തൻ വെളിച്ചവുമായി ബാക്കിദൂരം അങ്ങോട്ടുമിങ്ങോട്ടും നടന്നുതീർക്കുന്നു.

### ജന്മനാട്ടിലെ മ്യൂട്ടന്റുകൾ

കഴിഞ്ഞ രണ്ടു ദശാബ്ദത്തിനിടയിലുണ്ടായിട്ടുള്ള, ആഗോളവൽക്കരണത്തിന്റെയും സാമ്പത്തിക ഉദാരവൽക്കരണത്തിന്റെയും അടിസ്ഥാനലക്ഷ്യം, ചരക്ക്, ധന, മാനവ വിഭവങ്ങളുടെ വിലക്കുകളില്ലാത്ത അന്തർദ്ദേശീയ ചലനത്തിലൂടെ, ആഗോളക്ഷേമമുറപ്പാക്കുകയാണ്.

ചരക്കിന്റെയും ധനത്തിന്റെയും ഒഴുക്ക് വർദ്ധിക്കുകയും, പലയിടങ്ങളിലും പട്ടിണി കുറയ്ക്കുന്നതിന് അത് സഹായകമാവുകയും ചെയ്തിട്ടുണ്ടെങ്കിലും, അതോടൊപ്പം കുടിയേറ്റത്തിൽ ഉദാരവൽക്കരണം നടപ്പിലാക്കാൻ പല രാഷ്ട്രങ്ങളും വിമുഖരാകയാൽ ആഗോളതലത്തിൽത്തന്നെ ദോഷഫലങ്ങളുണ്ടാകുമെന്ന് പീറ്റർ സ്റ്റാക്കർ ചൂണ്ടികാട്ടുന്നു. അടിസ്ഥാനപരമായി കുടിയേറ്റത്തെ ആശ്രയിക്കുന്ന മലയാളിയുടെ ഭാവിയെ ഗണ്യമായി ബാധിക്കുന്ന പ്രവണതയാണിത്. ഇപ്പറഞ്ഞ കാലയളവിൽ നടപ്പാക്കിയിട്ടുള്ള ഭരണപരിഷ്ക്കാരങ്ങളുടെ ഫലമായി, നമ്മുടെ രാജ്യവും ഇന്നോളമനുഭവിക്കാത്തതരം സാമൂഹ്യ, സാമ്പത്തികമാറ്റങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഇന്ത്യൻമധ്യവർഗത്തിന്റെ, വിശിഷ്യ മലയാളിയുടെ, നീതിബോധത്തിൽ സമൂലമായ മാറ്റമാണതുണ്ടാക്കിയിരിക്കുന്നത്. നമ്മുടെ സാംസ്ക്കാരികസ്വത്വത്തിന്റെ സവിശേഷസൂചകമായിരുന്ന 'പൊതുനന്മ'യ്ക്കു പകരം 'സ്വന്തലാഭ'ത്തെ പ്രതിഷ്ടിച്ചിരിക്കുകയാണ്. നവോദ്ധാന, ദേശീയ, പുരോഗമന, സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളിലൂടെ കരുപ്പിടിപ്പിച്ച സ്വത്വത്തിന്, അതിരുകവിഞ്ഞ കമ്പോളസംസ്ക്കാരത്തിന്റെ വേഗക്കാറ്റിൽപ്പെട്ട് ശൈഥില്യം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഭാഷ, ഭക്ഷണം, വസ്ത്രം, പാർപ്പിടം സംഗീതം, സാഹിത്യം, ദൃശ്യകലകൾ തുടങ്ങിയ സ്വത്വബിംബങ്ങളുടെ കമ്പോളാധിഷ്ടിത കട്ട്–ആന്റ്–പേസ്റ്റുകളും, നിരാസവും, നിർമാർജ്ജനവും വ്യാപകമാകുന്നു. ദുരമൂത്ത ഉപഭോഗാസക്തിക്കൊപ്പമെത്തുന്ന വാണിഭങ്ങളും, ഹിംസപ്രവണതകളും, തീവ്രവാദ–ലഹരി ആഭിമുഖ്യങ്ങളും, അരക്ഷിതത്വബോധവും, ഇന്ന് മലയാളിയെ മ്യൂട്ടന്റുകളാക്കുന്നു, പ്രവാസികളാക്കുന്നു ജനിച്ചനാട്ടിൽത്തന്നെ!

*************


Dr.P.Harikumar (mobile) 09869060872
D-313, Orchid Residency email drphari@gmail.com
Behind jain Temple
Govandi (East), Mumbai 400088


## References


S.Irudaya Rajan (2003) Dynamics of International Migration from India- Adhoc Export Group Meeting on Migration and Development, Bankok.

Levent Soysal (2003) Labor to Culture: Writing Turkish Migration to Europe- the South Atlantic Quarterly

Grace Nichols (1983) epilogue, i is a long memoried woman- London: Kamak House

John Berger and Jean Mohr (1975) A Seventh Man, Penguin.

Caroline.O.N. Moser and Dennis Rodgers (2005) " Change, Violence, and Insecurity in Nonconflict situations" Report from Overseas Development Institute. London.

P.Stalker (2000) Workers Without Frontiers – Lynne Reinner, USA.

Russel King, John Connel and Paul White ( 1995 ) Writing Across Worlds : Literature and Migration Routledge, USA.